THE EDUCATION STATE

EARLY CHILDHOOD

# ട്രാൻസിഷൻ: സ്കൂളിലേക്ക് ഒരു ശുഭാരംഭം

## കുടുംബങ്ങൾക്കുള്ള വിവരങ്ങളുടെ ഷീറ്റ്

**സ്കൂൾ പഠനം ആരംഭിക്കുന്നത് ഒരേസമയം വെല്ലുവിളി നിറഞ്ഞതും ആവേശകരവുമാണ്. നിങ്ങളുടെ കുട്ടിയുടെ ചൈൽഡ്ഹുഡ് സേവനം സ്കൂൾ പഠനം ശുഭകരമായി ആരംഭിക്കാൻ അവരെ എങ്ങനെ സഹായിക്കുമെന്ന് ഈ വിവരങ്ങളുടെ ഷീറ്റ് വിശദീകരിക്കുന്നു.**

വളർച്ചയുടെ ഘട്ടത്തിൽ, ഇനിപ്പറയുന്ന മാറ്റങ്ങൾ നിങ്ങളുടെ കുട്ടി പ്രകടിപ്പിച്ചിട്ടുണ്ട്:

- ഒരു പ്രവൃത്തിയിൽ നിന്നോ ദിനചര്യയിൽ നിന്നോ മറ്റൊന്നിലേക്കുള്ള മാറ്റം
- പ്ലേ സ്കൂളിൽ പോകുന്നത് അല്ലെങ്കിൽ അവധിക്കാല യാത്രകൾ
- ശിശുപരിചരണ കേന്ദ്രത്തിലോ കിൻഡർഗാർട്ടനിലോ പോകുന്നത്.

പുതിയ സ്ഥലങ്ങളോടും ആളുകളോടും നിങ്ങളുടെ കുട്ടി എങ്ങനെയാണ് പ്രതികരിക്കുന്നതെന്നും എന്ത് പിന്തുണയാണ് അവർക്ക് വേണ്ടതെന്നും മനസ്സിലാക്കാൻ ഈ അനുഭവങ്ങൾ സഹായിക്കും.

### സ്കൂളിലേക്കുള്ള ശുഭാരംഭം എന്തുകൊണ്ട് പ്രധാനമാണ്?

സ്കൂൾ പഠനത്തിന്റെ ശുഭാരംഭം ഇനിപ്പറയുന്ന കാര്യങ്ങളിൽ കുട്ടിയെ സഹായിക്കുന്നു:

- മികച്ച പഠന നിലവാരവും മാനസികോല്ലാസവും കൈവരിക്കാൻ
- പഠന, വികാസ പ്രക്രിയയിൽ നിന്ന് ശ്രദ്ധതിരിക്കുന്ന കാര്യങ്ങൾ ഒഴിവാക്കാൻ
- സുരക്ഷിത ബോധവും ആത്മവിശ്വാസവും വളർത്താനും സൗഹൃദം സ്ഥാപിക്കാനും.

### കുട്ടിയെ സ്കൂളിലേക്ക് എൻറോൾ ചെയ്യുന്നത്

ഒട്ടുമിക്ക സ്കൂളുകളും മെയ് മാസം അവസാനത്തോടെ അഡ്മിഷൻ പ്രക്രിയ ആരംഭിക്കുന്നു. കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിലൂടെ സ്കൂളിനെ കുറിച്ച് മനസ്സിലാക്കാനും സ്കൂൾ ജീവിതത്തിലേക്കുള്ള അവരുടെ മാറ്റത്തിൽ പങ്കാളിയാകാനും നിങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നു. വർഷാവസാനം ആരംഭിക്കുന്ന ഈ പ്രവർത്തനങ്ങൾ, സ്കൂൾ തുറന്ന ശേഷവും ഏതാനും ദിവസങ്ങൾ കൂടി തുടരുന്നതിലൂടെ കുട്ടികൾക്ക് സ്കൂളിലേക്കുള്ള മാറ്റം എളുപ്പമാകുന്നു.

### സ്കൂൾ പ്രോഗ്രാമുകളിലേക്കും പ്രവർത്തനങ്ങളിലേക്കുമുള്ള ട്രാൻസിഷൻ

സ്കൂളുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളിലേക്കുള്ള മാറ്റം ഇനിപ്പറയുന്ന കാര്യങ്ങളിൽ നിങ്ങളെയും കുട്ടിയെയും സഹായിക്കുന്നു:

- സ്കൂളിനെ മനസ്സിലാക്കാൻ
- മറ്റ് കുട്ടികളുമായും കുടുംബങ്ങളുമായും സൗഹൃദം സ്ഥാപിക്കാൻ.

### ട്രാൻസിഷൻ ലേണിംഗ്, ഡവലപ്പ്മെന്റ് സ്റ്റേറ്റ്മെന്റ്

നിങ്ങളുടെ കുട്ടിയുടെ ചൈൽഡ്ഹുഡ് ടീച്ചർ ഒരു ട്രാൻസിഷൻ ലേണിംഗ്, ഡവലപ്പ്മെന്റ് സ്റ്റേറ്റ്മെന്റ് (ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് എന്ന് അറിയപ്പെടുന്നത്) തയ്യാറാക്കും. കുട്ടി പഠിക്കുന്ന സ്കൂളിനും പ്രെപ് ടീച്ചർക്കും നിങ്ങളുടെ കുട്ടിയെ മനസ്സിലാക്കാനും പഠനം ആസൂത്രണം ചെയ്യാനും ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് സഹായിക്കുന്നു. ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിൽ ഇനിപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു:

- കുട്ടിയുടെ പേര്, ജനനത്തീയതി, ഫോട്ടോ
- നിങ്ങളുടെ പേര്, ബന്ധപ്പെടാനുള്ള വിവരങ്ങൾ
- ചൈൽഡ്ഹുഡ് സർവീസിന്റെയും നിങ്ങളുടെ കുട്ടിയെ പരിചരിക്കുന്ന മറ്റേതെങ്കിലും ചൈൽഡ്ഹുഡ് സർവീസ്

ജീവനക്കാരുണ്ടെങ്കിൽ അവരുടെയും പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും

- നിങ്ങളുടെ കുട്ടിയുടെ താൽപ്പര്യങ്ങൾ, ശേഷികൾ, കഴിവുകൾ എന്നിവയെകുറിച്ചുള്ള വിവരങ്ങൾ
- നിങ്ങളുടെ കുട്ടിക്ക് അനുയോജ്യമായ അധ്യാപന ശൈലി.

നിങ്ങളുടെ കുട്ടിക്ക് സ്കൂളിലെ പ്രവൃത്തി സമയം കഴിഞ്ഞുള്ള പരിചരണം (OSHC) ആവശ്യമുണ്ടെങ്കിൽ, OSHC സേവനത്തിനും ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് നൽകും.

കുട്ടിയുടെ ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിന്റെ പൂരിപ്പിച്ച പകർപ്പ് നിങ്ങൾക്കും നൽകും. നിങ്ങളുടെ കുട്ടിയുടെ പഠനത്തെ കുറിച്ച് മനസ്സിലാക്കാനും വിശകലനം ചെയ്യാനും പിന്തുണ നൽകാനും ഇത് നിങ്ങളെ സഹായിക്കും.

നിങ്ങളുടെ കുട്ടിയുടെ ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് ഇനിപ്പറയുന്ന കാര്യങ്ങൾക്ക് സഹായകരമാണ്:

- കുട്ടിയുടെ താൽപ്പര്യങ്ങൾക്ക് അനുസൃതമായി ആസൂത്രണം ചെയ്യാൻ
- ചൈൽഡ്ഹുഡ് സർവീസിൽ നിന്ന് സ്കൂളിലേക്കുള്ള മാറ്റം സുഖമമാക്കുന്നതിൽ സഹായിക്കാൻ.

സാധാരണയായി ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് എഴുതുന്നത് നാലാം ടേമിലാണ്. എന്നാൽ, നിങ്ങളുടെ കുട്ടിയ്ക്ക് ശാരീരിക വൈകല്യമോ വളർച്ചാ പരിമിതിയോ ഉണ്ടെങ്കിൽ, ജൂൺ, ജൂലൈ മാസങ്ങളിലായി നേരത്തേ തന്നെ എഴുതിയേക്കാം. നിങ്ങളുടെ കുട്ടിക്ക് അധിക സഹായം ആവശ്യമുണ്ടെങ്കിൽ അതിന് ആവശ്യമായ ആസൂത്രണം നടത്താൻ ഇത് സ്കൂളിനെ സഹായിക്കുന്നു.

ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിൽ നിങ്ങൾ പൂരിപ്പിക്കേണ്ട ഒരു ഭാഗമുണ്ട്. കാരണം നിങ്ങളുടെ കുട്ടിയെ കുറിച്ച് കൂടുതൽ അറിയാവുന്നത് നിങ്ങൾക്ക് തന്നെ ആയതിനാൽ നിങ്ങൾ നൽകുന്ന വിവരങ്ങൾ പ്രധാനമാണ്. നിങ്ങൾക്കും നിങ്ങളുടെ കുട്ടിക്കും സ്കൂൾ പഠനത്തിലേക്ക് ഒരു ശുഭാരംഭം കുറിക്കാൻ ഇത് സ്കൂളിനെ സഹായിക്കുന്നു.

നിങ്ങളുടെയോ ചൈൽഡ്ഹുഡ് എഡ്യൂക്കേറ്ററുടെയോ സഹായത്തോടെ നിങ്ങളുടെ കുട്ടി പൂരിപ്പിക്കേണ്ട ഒരു വിഭാഗവും ഉണ്ട്. അതിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

- ഒരു വരച്ച ചിത്രം
- സ്കൂളിനെ കുറിച്ച് കുട്ടിയിൽ ആകാംഷ ഉണർത്തുന്ന കാര്യം
- സ്കൂളിൽ ചേരുന്നതിനെ കുറിച്ചുള്ള അവരുടെ അഭിപ്രായം.

## വിവരങ്ങൾ പങ്കുവയ്ക്കുന്നത് എങ്ങനെ

Insight Assessment Platform ഉപയോഗിച്ച്, ട്രാൻസിഷൻ സ്റ്റേറ്റ്മെന്റുകൾ ഓൺലൈനായി പങ്കുവയ്ക്കുകയും സംഭരിക്കുകയും ചെയ്യുന്നു. Insight Assessment Platform-ലെ വിവരങ്ങൾ ഓസ്ട്രേലിയയിൽ തന്നെ സുരക്ഷിതമായി സംഭരിക്കുന്നു.

ഓരോ കുട്ടിയുടെയും പഠന, വികാസ പ്രക്രിയ രേഖപ്പെടുത്തുന്നതിനായി വിക്ടോറിയയിലെ എല്ലാ സർക്കാർ സ്കൂളുകളും (ചില കത്തോലിക്ക സ്കൂളുകളും സ്വതന്ത്ര സ്കൂളുകളും) Insight Assessment Platform ഉപയോഗിക്കുന്നു. നിങ്ങളുടെ കുട്ടി Insight Assessment Platform ഉപയോഗിക്കുന്നില്ലെങ്കിൽ, ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിന്റെ ഒരു ഇലക്ട്രോണിക് പകർപ്പോ പേപ്പർ പകർപ്പോ അവർക്ക് നൽകും.

വിദ്യാഭ്യാസ, പരിശീലന വകുപ്പ് ചിലപ്പോൾ ബാഹ്യ സേവനദാതാക്കളുടെ സേവനം പ്രയോജനപ്പെടുത്താറുണ്ട്. വകുപ്പിനായി പ്രവർത്തിക്കുന്ന സേവനദാതാക്കൾ ഡാറ്റാ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിരിക്കണം. Insight Assessment Platform, വകുപ്പിന്റെ **വിവര സ്വകാര്യതാ നയം** പാലിക്കുന്നു www.education.vic.gov.au/Pages/privacypolicy.

ട്രാൻസിഷൻ സ്റ്റേറ്റ്മെന്റുകളിൽ നിന്നുള്ള വിവരങ്ങൾ നിരീക്ഷിക്കാനും ഗവേഷണ ആവശ്യങ്ങൾക്കും വിദ്യാഭ്യാസ, പരിശീലന വകുപ്പ് ഉപയോഗിച്ചേക്കാം. സംഖ്യകളുടെയും ഗ്രാഫുകളുടെയും രൂപത്തിലാണ് ഈ വിവരങ്ങൾ നൽകുന്നത്, കുട്ടികളുടെ പേര് വെളിപ്പെടുത്തില്ല.

Insight Assessment Platform-നെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, psts@edumail.vic.gov.au എന്ന വിലാസത്തിൽ വകുപ്പിനെ ബന്ധപ്പെടുക.

ചില കുട്ടികളുടെ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് ചിലപ്പോൾ വിക്ടോറിയൻ വിദ്യാഭ്യാസ, പരിചരണ ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ പങ്കിടേണ്ടതായി വന്നേക്കാം. ചൈൽഡ്ഹുഡ് എഡ്യൂക്കേഷൻ സേവനത്തിന്

അവരുടെ സേവനങ്ങൾ നിർവഹിക്കുന്നതിനും വിവേചനരഹിതമായി പ്രവർത്തിക്കുന്നതിനും ആരോഗ്യ, സുരക്ഷാ സംബന്ധമായ ആവശ്യങ്ങൾക്കും കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനും നിങ്ങളുടെ കുട്ടിയുടെയോ കുടുംബത്തിന്റെയോ വിവരങ്ങൾ ചൈൽഡ്ഹുഡ് എഡ്യൂക്കേഷൻ സർവീസ് പങ്കിട്ടേക്കാം. കൂടുതൽ വിവരങ്ങൾക്ക്,

https://www.vic.gov.au/information-sharing-schemes-and-the-maram-framework സന്ദർശിക്കുക.

## കൂടുതൽ വിവരങ്ങൾക്ക്

ഈ വെബ്സൈറ്റ് സന്ദർശിക്കൂ

www.education.vic.gov.au/transitiontoschool.

www.education.vic.gov.au/transitiontoschool എന്ന വെബ്സൈറ്റിൽ വിവിധ ഭാഷകളിൽ ഈ ഡോക്യുമെന്റ് ലഭ്യമാണ്.